**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.831** **30.11.2018 -ലെ മറുപടിക്ക്**

**<u>കായംകുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി യു. പ്രതിഭ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കോളനികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ച ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പുത്തൻപുരയ്ക്കൽ കോളനി, കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ചാലയ്ക്കൽ കോളനി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിലവിലുള്ള പുരോഗതി വിശദമാക്കാമോ? | (എ) | പുത്തൻപുരയ്ക്കൽ കോളനിയിൽ ഭവന പുനരുദ്ധാരണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചു. വായനശാലാ കെട്ടിടത്തിന്റെ ലിന്റിൽ ലവൽവരെ പൂർത്തിയായി. പ്രധാനപ്പെട്ട 3 റോഡുകളിൽ 2 റോഡ് പൂർത്തീകരിച്ചു. മൂന്നാമത്തെ റോഡിന്റെ സൈഡ് കെട്ടി ഫില്ലിംഗ് പൂർത്തിയായി. കോൺക്രീറ്റിംഗ് ശേഷിക്കുന്നു. ചെറു റോഡുകളുടെ പണി ആരംഭിച്ചിട്ടില്ല. അംഗൻവാടി കെട്ടിടത്തിന്റെ റൂഫ് പ്ലാസ്റ്ററിംഗ് പൂർത്തിയായി. അംഗൻവാടിയിലെ ടോയലറ്റിന്റെ ലിന്റൽ ലെവൽവരെ പൂർത്തിയായി. ടെയലറിംഗ് യൂണിറ്റ് കേന്ദ്രം, സോളാർ ലൈറ്റ് സ്ഥാപിക്കൽ, ഓടനിർമ്മാണം എന്നിവയുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കൂടാതെ തൊഴിൽ ഇല്ലാത്ത വനിതകൾക്ക് തയ്യൽമെഷീൻ വിതരണവും, മാലിന്യ സംസ്കരണത്തിന് വെയ്സ്റ്റ് ബിൻ വിതരണവും നടത്തിയിട്ടില്ല. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ ചാലയ്ക്കൽ കോളനിയിലെ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. ആയത് ഉടൻ ലഭ്യമാക്കി പദ്ധതി ആരംഭിക്കുന്നതാണ്. ടി രണ്ട് കോളനികളുടെയും നിർവ്വഹണ ചുമതല കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം എന്ന ഏജൻസിക്കാണ്. |

സെക്ഷൻ ഓഫീസർ